1. ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കൽ : സ്കൂൾ കെട്ടിടം, ക്ലാസ് മുറികൾ, ടോയ്‌ലറ്റ്, ക്ലാസ്സ് ഇടഭിത്തി, സ്കൂൾ ചുറ്റുമതിൽ, ട്രെയിനിംഗ് കേന്ദ്രങ്ങളായ ബി.ആർ.സി., സി.ആർ.സി. എന്നിവയുടെ കെട്ടിട നിർമ്മാണം എന്നിവ കൂടാതെ സ്കൂൾ വൈദ്യുതീകരണം, കുടിവെള്ള സൗകര്യം ഒരുക്കൽ, സ്കൂൾ അറ്റകുറ്റപണികൾ എന്നിവയും ഇതിൽ ഉൾപ്പെടും.

2. ഗുണമേന്മ വർദ്ധിപ്പിക്കൽ

സൗജന്യ പാഠപുസ്തക വിതരണം ഭിന്നതല പഠന കേന്ദ്രങ്ങൾ തുടങ്ങൽ, എല്ലാ സ്കൂളുകൾക്കും സ്കൂൾ ഗ്രാന്റ്, റിപ്പയർ മെയിന്റനൻസ്, ഗ്രാന്റ് എന്നിവ നൽകൽ അദ്ധ്യാപക പരിശീലനം എന്നിവ കൂടാതെ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടിയുള്ളതും, ശിശുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടും.

(ബി) സംസ്ഥാന ഇംപ്ലിമെന്റേഷൻ സൊസൈറ്റി : ജില്ലകളിലെ ജില്ലാ പ്രോജക്ട് ഓഫീസുകൾ, സബ് ജില്ലകളിൽ സി.ആർ.സി.-കൾ എന്നിവ മുഖേനയാണ് പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നത്. പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കുന്ന വാർഷിക പദ്ധതിയാണ് ഈ പദ്ധതിയുടെ അടിസ്ഥാന പ്രവർത്തന രേഖ.

(സി) ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് തന്നെയാണ് എസ്.എസ്.എ. പദ്ധതി നടപ്പാക്കുന്നത്. വാർഷിക പ്ലാൻ തയ്യാറാക്കി അംഗീകാരം നൽകുന്നത് ജനപ്രതിനിധികളടങ്ങിയ ജില്ലാ ആസൂത്രണ സമിതിയാണ്. പദ്ധതി നടപ്പിലാക്കുന്നതിലും മേൽനോട്ടം വഹിക്കുന്നതിലും ജനപ്രതിനിധികളടങ്ങിയ സമിതികൾക്ക് പങ്കാളിത്തമുണ്ട്. പഞ്ചായത്ത് തലത്തിൽ പദ്ധതി നടപ്പിലാക്കുന്നത്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റിയും സ്കൂൾ തലത്തിൽ പി.ടി.എ.-യുമാണ്.

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ നിയമനം നടത്താൻ നടപടി

83 (3642) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം തസ്തികകളിലാണ് ഇനിയും നിയമനം നടത്തുവാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിൽ ഉടൻ നിയമനം നടത്തുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൂർണ്ണമായും നടത്തിയിട്ടില്ല.

(ബി) ഇനി നിയമനം നടത്തേണ്ട തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

ജില്ലാ പ്രോജക്ട് ഓഫീസർമാർ	-	6
ജില്ലാ പ്രോഗ്രാം ഓഫീസർമാർ	-	8
ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ	-	41
ട്രെയിനേഴ്സ്	-	918
അക്കൗണ്ട്സ് ഓഫീസർ	-	14

(സി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എസ്.എസ്.എ. വഴി സ്കൂളുകളിൽ നടപ്പാക്കേണ്ട വികലാംഗക്ഷേമ പദ്ധതികൾ

84 (3643) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ. വഴി സ്കൂളുകളിൽ നടപ്പാക്കേണ്ട വികലാംഗക്ഷേമ പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഈ ഇനത്തിൽ സർക്കാരിന് എത്ര കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട് ;

(സി) എത്ര തുക ഈ പദ്ധതിക്കായി ഇതേവരെ വിനിയോഗിച്ചു ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(ഡി) ഈ ക്ഷേമപദ്ധതിക്കായി അനുവദിച്ച തുക ലാപ്സായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വൈകല്യമുള്ള കുട്ടികളെ കണ്ടെത്താനുള്ള സർവ്വേ വൈദ്യപരിശോധനാ ക്യാമ്പുകൾ, സാങ്കേതിക ഉപകരണങ്ങളുടെ വിതരണം, അദ്ധ്യാപക പരിശീലനം, റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം, പഠനബോധനസാമഗ്രികളുടെ നവീകരണവും വിതരണവും, ബോധവത്കരണ ക്ലാസ്സുകൾ, വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായുള്ള ഗൈഡൻസും കൗൺസിലിങ്ങും വാസ്തു ശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ എന്നിവ ഇതിൽ ഉൾപ്പെടും.

(ബി) ഇതുവരെ 2286.962 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 31-3-2003 വരെ 51.177 ലക്ഷം രൂപ വിനിയോഗിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് വരുന്നു.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly